بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 05.07.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*05.07.2019ന് കാറൽശ്രുറഹ്, ജർമ്മനിയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ഓരോ അഹ്മദിയുടെയും മുഖത്തിന് പിന്നിലുംയഥാർത്ഥത്തിൽ അഹ്മദിയ്യത്തിന്റെ മുഖമാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖമാണെന്നും ഇസ്ലാമിന്റെ മുഖമാണെന്നും എല്ലാ അഹ്മദികൾക്കും ഓർമയുണ്ടായിരികേണ്ടതാണ്. അതിനാൽ ആ മുഖങ്ങളെ സംരക്ഷിക്കുകയെന്നത് എല്ലാ അഹ്മദികളുടെയും ഉത്തരവാദിത്വമാണ്. അല്ലാഹു ദീനിന്റെസേവനത്തിനായി തൗഫീഖ് നല്കിയവർക്ക് ആ കടമ നർവഹിക്കുന്ന കാര്യത്തിൽ മറ്റുള്ളവരെക്കാൾ കൂടുതലായ ഉത്തരവാദിത്വമുണ്ട്. അതുപോലെ എപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഈ നിർദ്ദേശത്തെയും മുന്നിൽവെക്കുക. പറഞ്ഞു, നമുക്ക് ബയ്അത്ത് ചെയ്തുവെന്ന വാദം ഉന്നയിച്ചതിന് ശേഷം നമ്മളെ അവഹേളിക്കുന്നവരാകരുത്.**

اَشْھَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْھَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനുശേഷംഹുസൂർതിരുമനസ്സ്പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതുമൂലം നമുക്ക് ലഭിച്ച,അല്ലാഹുവിന്റെ അനുഗ്രഹങ്ങളിലും പ്രതിഫലങ്ങളിലും ഉൾപ്പെട്ട അതിപ്രധാനമായ ഒരു അനുഗ്രഹവും പ്രതിഫലവുമാണ് ജൽസ സാലാനയുടെ രൂപത്തിൽ നമുക്ക് കരഗതമായിരിക്കുന്നത്. അതുമുഖേന നമ്മുടെ തന്നെ ആത്മീയവും ധാർമികവും വിജ്ഞനാപരനുമായ ഉന്നമനത്തിനായി പരിശ്രമിക്കുവാൻ നമുക്ക് സാധിക്കുന്നു. അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കുന്നതിനും ഭയഭക്തിവർധിപ്പിക്കുന്നതിനുമുള്ള സംവിധാനവും ഒരുങ്ങുന്നു. പരസ്പരമുള്ള കടമകൾ നിർവഹിക്കുന്നതിനായി സ്വന്തം ഹൃദയങ്ങളെ ശുദ്ധീകരിക്കുവാനും സാധിക്കുന്നതാണ്. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസക്ക് തുടക്കം കുറിച്ചതിന്റെ ലക്ഷ്യപൂർത്തീകരണത്തിനായി പരിശ്രമിക്കാൻ നമുക്ക് സാധിക്കുന്നതാണ്. അതിനായി പരസ്പരമുള്ള വിദ്വേഷത്തെയും അന്തരത്തെയും യോജിപ്പായും സമീപ്യമായും മാറ്റം വരുത്തുന്നതിന് യത്നിക്കുക. സ്വയം തന്നെ വ്യർത്ഥമായ കാര്യങ്ങളിൽ നിന്ന് പരിശുദ്ധി കൈവരിക്കുന്നതിനായി പരിശ്രമിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ എല്ലാ കാര്യങ്ങളെയും ജൽസ സംഘടിപ്പിക്കുന്നതിന്റെ ലക്ഷ്യമായി വിവരിച്ചിരിക്കുന്നു. അതുകൊണ്ട് എല്ലാ വ്യക്തികളുടെയും അത് പുരുഷനാകട്ടെ സ്ത്രീയാകട്ടെ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകുന്നതിനായി ശ്രമിക്കുന്നുണ്ടോ എന്ന കാര്യം മുന്നിൽ ഉണ്ടായിരിക്കേണ്ടതാണ്. അതുപോലെ തന്നെ തഖ്വയുടെ ഉന്നമനത്തിനായി പരിശ്രമിക്കണം എന്ന നിയ്യത്തോട് കൂടിയാണോ ജൽസയിൽ പങ്കെടുക്കുന്നത്? ഉന്നത സ്വഭാവമഹിമ പ്രകടിപ്പിച്ച് മറ്റുള്ളവരോടുള്ള കടമ പൂർത്തികരിക്കുന്നതിന് ശ്രമിക്കുന്നുണ്ടോ? ആ വിചാരത്തോട്കൂടിയാണോ ഇവിടെ എത്തിയിരിക്കുന്നത്? ഇതിനായി നമ്മൾ അല്പം പ്രയത്നിക്കേണ്ടതായിട്ടുണ്ട്. അങ്ങനെയെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നേടിയെടുക്കുവാൻ നമുക്ക് സാധിക്കുന്നതാണ്. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയിൽ പങ്കെടുക്കുന്നവർക്കായി ചെയ്ത ദുആകൾക്കും അവകാശികളായിത്തീരുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇപ്പോഴുള്ള മതനേതാക്കൻമാരെ പോലെ വെറും പ്രത്യക്ഷമായ പ്രൗഢി പ്രദർശിപ്പിക്കുന്നതിനായി അനുയായികളെ ഒരുമിച്ച് കൂട്ടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മറിച്ച് അല്ലാഹുവിന്റെസൃഷ്ടികളുടെ പരിഷ്കരണമെന്ന പരമമായ ലക്ഷ്യം നേടുന്നതിനാണ് ഞാൻ പദ്ധതികൾ തയ്യാറാകുന്നത്.

ഹുസൂർ തിരുമനസ്സ് പറയുന്നു: അതുകൊണ്ട് നമ്മൾ ഈ കാര്യങ്ങളിലേക്ക് ശ്രദ്ധ ചെലുത്തേണ്ടതാണ്. കുറച്ച് ദിവസങ്ങൾക്ക് മുമ്പ് റമദാൻ അവസാനിച്ചു. അത് ആത്മീയ സംസ്ക്കരണത്തിന്റെയും ആത്മീയ പുരോഗതിയുടെയും മാസമായിരുന്നു. അതിൽ വ്യക്തിപരമായ ആരാധനകളും വ്രതാനുഷ്ഠാനവും ദൈവീക സ്മരണയുടെ അവസരവും എല്ലാ സത്യവിശ്വാസികൾക്കും ലഭിച്ചു. ഇപ്പോൾ മറ്റൊന്ന്,മൂന്ന് ദിവസത്തെ ക്യാമ്പാണ്. അതിൽ ദീനിപരവും വിജ്ഞാനപരവുമായ ഉന്നമനത്തിനായി അവസരം നേടിയതോടൊപ്പം ആരാധനകളുടെയും ദിക്റെ ഇലാഹിയുടെയും അന്തരീക്ഷവും കരസ്ഥമായിരിക്കുന്നു. ഇനി ഇതിൽ നിന്നൊന്നും നാം പ്രയോജനം കരസ്ഥമാക്കുന്നില്ലെങ്കിൽ പിന്നെ എപ്പോഴാണ് ഇതെല്ലാം നേടുക?

അതുകൊണ്ട് തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ മേൽ ഏൽപ്പിച്ചിരിക്കുന്നത്, ഒരു വലിയ ഉത്തരവാദിത്വമാണ്. തന്നെ വിശ്വസിക്കുന്നവരിൽ വലിയ പ്രതീക്ഷയാണ് അവിടുന്ന് അർപ്പിച്ചിരിക്കുന്നത്. ഭൗതീകലോകത്തിനോടുള്ള നമ്മുടെ സ്നേഹം അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിന്റെ മുന്നിൽ ഒന്നുമല്ലാതായി മാറുമ്പോഴാണ് ഈ ചുറ്റുപാടിന്റെ യഥാർത്ഥ പ്രയോജ

നം നമുക്ക് ലഭിക്കുക. ഈ ലോകത്ത് ജീവിച്ച് കൊണ്ട് ലോകത്തോടുള്ള സ്നേഹത്തിന് അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിനു മുന്നിൽരണ്ടാംസ്ഥാനം നല്കുകയെന്നത് വളരെ വലിയ കാര്യമാകുന്നു. ഈയൊരു കാര്യമാണ് യഥാർത്ഥ വിശ്വാസിയാക്കി മാറ്റുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു ഈ ജമാഅത്തിനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം തന്നെ ഈ ലോകത്ത് നിന്ന് മറഞ്ഞ്പോയ യഥാർത്ഥ ദൈവീകജ്ഞാനവും ഈ കാലഘട്ടത്തിൽ ലഭിക്കാത്ത യഥാർത്ഥ ഭയഭക്തിയും പരിശുദ്ധതയും പുനഃസ്ഥാപ്പിക്കുന്നതിന് വേണ്ടിയാണ്. പിന്നീട് അവിടുന്ന് ഒരവസരത്തിൽ തഖ്‌വയുടെ നിലവാരം ഉയർത്തുന്നതിന് ഊന്നൽ നല്കികൊണ്ട് പറയുന്നു: എന്റെ ജമാഅത്തെന്ന് സ്വയം കണക്കാക്കുന്ന ജനമേ! നിങ്ങൾ സത്യസന്ധതയോട് കൂടി തഖ്‌വയുടെ മാർഗത്തിൽ പദമൂന്നുമ്പോഴാണ് നിങ്ങൾ എന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരായി ഗണിക്കപ്പെടുക.

പിന്നീട് ഒരു സ്ഥലത്ത് അല്ലാഹുവിന്റെ മഹത്ത്വവും അവനോടുള്ള അനുരക്തിയും ഹൃദയങ്ങളിൽ സൃഷ്ടിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ച് കൊണ്ട് അവിടുന്ന് പറയുന്നു: അല്ലാഹുവിന്റെ മഹത്ത്വം ഹൃദയങ്ങളിൽ നിറക്കുക. അവന്റെ തൗഹീദ് നാവ്കൊണ്ട് മാത്രം അംഗീകരിക്കാതിരിക്കുക. മറിച്ച് അത് കർമപരമായിരിക്കണം. അങ്ങനെ അല്ലാഹുവും കർമപരമായി തന്നെ തന്റെ കൃപയും ഔദാര്യവും നിങ്ങളിൽ പ്രകടിപ്പിക്കുന്നതാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഏതെങ്കിലും ഒരു നന്മ ചെയ്യുകയെന്നത് തഖ്‌വയാകുകയില്ല. മറിച്ച് എല്ലാവിധ നന്മകൾ സ്വയത്തമാക്കുകയും അല്ലാഹുവിനോടും അവന്റെ അടിയാറുകളോടുമുള്ള എല്ലാവിധ കടമകളും പൂർത്തിയാക്കുകയും ചെയ്യുകയെന്നതാണ് യഥാർത്ഥ തഖ്‌വ. ചിലയാളുകൾ പുറത്ത് ജമാഅത്തിന്റെ കാര്യങ്ങളിൽ നല്ലത്പോലെ പ്രവർത്തിക്കുന്നു. എന്നാൽ സ്വന്തം ഭവനത്തിൽ ഭാര്യയെയും കുട്ടികളെയും പ്രയാസത്തിൽ അകപ്പെടുത്തുന്നു. മറ്റുചിലർ വീട്ടുകാരോടുള്ള കടമകൾ പൂർത്തിയാക്കുന്നു. എന്നാൽ അല്ലാഹുവിനോടുള്ള കടമകളിലേക്കും ആരാധനകളിലേക്കും ശ്രദ്ധ നല്കുന്നില്ല. മറ്റുചിലർ പ്രത്യക്ഷത്തിൽ ഇബാദത്തുകൾ നിർവഹിക്കുന്നവരാണ്. എന്നാൽ സമൂഹത്തിലുണ്ടാകുന്ന ഇടപാടുകളിൽ മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കുന്നവരാണ്. അതുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവും സ്വയത്തമാക്കുന്നതിനായി എല്ലാ ഭാഗങ്ങളും എല്ലാ വശങ്ങളും സ്വന്തം പ്രവൃത്തികളിലൂടെ ശരിയാക്കി വെക്കേണ്ടതിന്റെ ആവശ്യമുണ്ട്. ഈ ജൽസ സംഘടിപ്പിച്ചതിന്റെ പിന്നിലും നന്മകൾ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടായിത്തീരുകയെന്നൊരു ഉദ്ദേശ്യം കൂടിയുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഓർത്തു കൊള്ളുക! അല്ലാഹുവിന്റെ പരിപൂർണനായ ദാസനെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു:  അതായത് അവരെ വല്ല കച്ചവടമോ, വിൽപ്പനയോ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്ന് അശ്രദ്ധമാക്കുകയില്ല. പറയുന്നു: ഹൃദയത്തിന് അല്ലാഹുവുമായി സത്യസന്ധമായ ബന്ധവും സ്നേഹവും ഉണ്ടായിത്തീരുമ്പോൾ പിന്നെ (മനുഷ്യൻദൈവസ്മരണയിൽ) നിന്ന് വിട്ട് നില്ക്കുകയില്ല. ഏതുപോലെ ആരുടെയെങ്കിലും കുട്ടി രോഗിയായി കഴിഞ്ഞാൽ പിന്നെ എവിടെ പോയാലും ഏത് ജോലിചെയ്താലും അവന്റെ മനസ്സും ചിന്തയും ആ കുട്ടിയിലായിരിക്കുമോ അതുപോലെ തന്നെ ജനങ്ങൾക്ക് അല്ലാഹുവിനോട് സത്യസന്ധമായ ബന്ധവും സ്നേഹവും ഉണ്ടായി കഴിഞ്ഞാൽ പിന്നെ അവർ അല്ലാഹുവിനെ ഒരവസ്ഥയിലും വിസ്മരിച്ച് കളയുകയില്ല. അതുകൊണ്ട് തന്നെ ഈയൊരവസ്ഥയാണ് നമ്മളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) കാണാൻ ആഗ്രഹിക്കുന്നത്. ഈയൊരവസ്ഥ ഉണ്ടായിത്തീരുന്നതിന് വേണ്ടിയുള്ള പരിശ്രമത്തിനാണ് നാം ഇവിടെ ഒരുമിച്ച് കൂടിയിരിക്കുന്നത്. നമ്മൾ ഒരോത്തരും ഇതിന് വേണ്ടി പ്രയത്നിക്കേണ്ടതാണ്. നാം ഈയൊരവസ്ഥ നേടിയെടുക്കുന്നവരായി മാറുന്നതിന് വേണ്ടി അല്ലാഹുവിനോട് കേണപേക്ഷിക്കുകയുംചെയ്യുക.

ഹുസൂർ തിരുമനസ്സ് പറയുന്നു: ജൽസയിൽ പങ്കെടുക്കുന്നവരും ഡ്യൂട്ടികൾ നിർവഹിക്കുന്നവരും ദിക്റെ ഇലാഹി കൊണ്ട് അവരുടെ നാവുകളെ ആർദ്രമാക്കുന്നതിന് ശ്രമിക്കുക. അല്ലാഹുവിന്റെ സാമിപ്യം നേടിയെടുക്കുന്നവരായി മാറുക. അല്ലാഹു നമ്മളെ ഓർക്കുന്നതിലും വലുതായ മറ്റ് എന്ത് കാര്യമാണ് നമുക്ക് വേണ്ടത്. അതുകൊണ്ട് ആ സ്ഥിതിവിശേഷത്തെ കരഗതമാകുന്നതിനായി നമ്മൾ പ്രയത്നികേണ്ടതായിട്ടുണ്ട്. അപ്പോഴായിരിക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശാടിസ്ഥാനത്തിൽ ആകാശത്ത് നമ്മൾ അങ്ങയുടെ ജമാഅത്തിൽ ഉൾപ്പെട്ടുവെന്ന് കണക്കാകപ്പെടുക. അല്ലാഹു തൃപ്തിപ്പെടാത്ത ആളുകളിൽ  ഉൾപെടാതിരിക്കാൻ വേണ്ടി ഈ ദിവസങ്ങളിൽ നമ്മൾ ദുആ ചെയ്യേണ്ടതാണ്. എന്നുമാത്രമല്ല അല്ലാഹു മുമ്പ് വിവരിച്ച ആളുകളിൽ ഉൾപ്പെടുന്നതിനായി ദുആയും ചെയ്യുക. അല്ലാഹുവിനോട്ദൃഢബന്ധം ഉണ്ടാക്കുന്നവരും സ്വന്തം ഹൃദയങ്ങളിൽ നിന്ന് അന്ധകാരങ്ങളെ ദൂരീകരിക്കുന്നവരായും നാം മാറട്ടെ. ഇവിടെ ജൽസയുടെ പരിപാടികൾക്കിടയിലും ഇടവേളകളിലും രാത്രികളിലും അല്ലാഹുവിന്റെ ദിക്റുകളോടൊപ്പം ദുആ ചെയ്ത് കൊണ്ടിരിക്കുക. ഇങ്ങനെ പ്രതിജ്ഞ ചെയ്യുക. അല്ലാഹുവേ! ഞങ്ങൾ സദുദ്ദേശത്തോട്കൂടി നിന്റെ മസീഹ് തുടങ്ങിവച്ച ഈ ജൽസയിൽ പങ്കെടുത്തിരിക്കുന്നു. ഇത് തീർച്ചയായും നിന്റെ പ്രത്യേകമായ സഹായത്തോടെയും അറിവോടുകൂടിയുമാണ് നടന്ന് കൊണ്ടിരിക്കുന്നത്. ഇതിൽ ഞങ്ങൾ നിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും നിന്റെ ദിക്റിൽ വർധനവ് വരുത്തുന്നതിനും നിന്റെ സ്നേഹം സ്വയത്തമാക്കുന്നതിനും വേണ്ടിയാണ് പങ്കാളികളായിരിക്കുന്നത്. ഞങ്ങളെ ഈ ജൽസയുമായി ബന്ധപ്പെട്ടിരിക്കുന്ന നിന്റെ എല്ലാ അനുഗ്രഹങ്ങളുടെയും അവകാശികളാക്കിയാലും, ഞങ്ങളുടെ ഉള്ളിൽ നീ ഉദ്ദേശിക്കുന്ന പരിശുദ്ധ മാറ്റം ഉണ്ടാകിയാലും. അതിനെ നിലനിർത്തുന്നതിനായി നീ ഈ കാലത്ത് നബി(സ)തിരുമേനിയുടെ സത്യപ്രേമിയെ അയച്ചിരിക്കുന്നു. അങ്ങനെ ഞങ്ങൾ യഥാരീതിയിൽ അദ്ദേഹത്തിന്റെ ബയ്അത്തിൽ ഉൾപ്പെട്ടവരായി മാറുന്നതാണ്. ഇങ്ങനെ അല്ലാഹുവിനോട് സഹായം ചോദിച്ചും സലാത്തും ഇ

സ്തിഗ്ഫാറും ചെയ്ത് ഈ ദിവസങ്ങൾ കഴിച്ച് കൂട്ടുകയും തന്റെ ദിവസങ്ങൾ അല്ലാഹുവിന് വേണ്ടി പ്രത്യേകപ്പെടുത്തുകയുംചെയ്യുന്നതായാൽ നമ്മുടെ ഇബാദത്തുകളുടെ നിലവാരം വർധിക്കുന്നതാണ്. ഇങ്ങനെ അല്ലാഹുവുമായി ബന്ധമുണ്ടാകുന്ന കാരണത്താൽ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമയും നിറവേറ്റുന്നവരായി നാം മാറുന്നതാണ്. ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ ദിവസങ്ങൾ പരസ്പരമുള്ള കലഹങ്ങൾ ദൂരീകരിക്കുന്നതിനുള്ള മാർഗമാക്കി മാറ്റുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയെ അല്ലാഹുവിന്റെ അടയാളങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവിന്റെ അടയാളങ്ങൾക്ക് കോട്ടം വരുത്തിവെക്കുന്നവർ അല്ലാഹുവിന്റെ കോപത്തിന് കീഴിൽ വരുന്നതാണ്. അതുകൊണ്ട് ഇത് വളരെ ഭയക്കേണ്ട സ്ഥാനമാകുന്നു. ആരിലാണ് നീരസങ്ങളുള്ളത്, അവർ ഉടൻ മറ്റുള്ളവരുമായി രഞ്ജിപ്പിലാകുന്നതിനായി അവരുടെ കരങ്ങൾ നീട്ടുക. അഹങ്കാരത്തിന്റെ പുകമറയിൽ കുടുങ്ങിക്കിടക്കുന്നതിനും അസൂയയുടെ അഗ്നിയിൽ എരിയുന്നതിനും പകരമായി ശാന്തിയുടെയും രഞ്ജിപ്പിന്റെയും മനോഹരമായ അന്തരീക്ഷം സൃഷ്ടിക്കുക. ആരുടെ കരങ്ങളിൽനിന്നും നാവിൽനിന്നുമാണോ മറ്റൊരു മുസ്ലിം സുരക്ഷിതനായിരിക്കുന്നത് അവനാണ് മുസ്ലിം എന്ന നബി(സ)തിരുമേനിയുടെ നിർദ്ദേശത്തെ എപ്പോഴും മുന്നിൽവെക്കുക. ഈ നിർദ്ദേശം നമ്മുടെ അവസ്ഥകളുടെ വിവരണമാണോയെന്ന് നാം പരിശോധിക്കേണ്ടതാണ്. എനിക്ക് വലിയ ദുഃഖത്തോടെ ഇത് പറയേണ്ടിവരുന്നു, ചിലയാളുകൾ ജൽസകളിൽ പങ്കെടുക്കുന്നു. ചെറിയ ചെറിയ കാര്യങ്ങളിൽ പഴയ വിദ്വേഷവും സ്പർദ്ധയും കാരണം ജൽസയുടെ ദിവസങ്ങളിലും ഈ ചുറ്റുപാടിലും കയ്യേറ്റത്തിന് മുതിരുന്നു. ചില അവസരങ്ങളിൽ പോലീസിനെ പോലും വിളിക്കേണ്ടതായി വരുന്നു. ഇതൊരു വിശ്വാസിയുടെ അന്തസ്സിന് ചേർന്നതാണോ? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ അംഗമായവരുടെ പ്രവൃത്തി ഇതാണോ? ഒരിക്കലുമല്ല. അങ്ങനെയുള്ള ആളുകൾ ജമാഅത്ത് വ്യവസ്ഥിതിയിൽ നിന്ന് പുറത്തായാലും ഇല്ലെങ്കിലും ശരി അവരുടെ ഈ പ്രവൃത്തി കാരണം അവർ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ജമാഅത്തിന് പുറത്ത്പോയവരാണ്. അതുപോലെ തന്നെ ഭാരവാഹികളും ജൽസയിൽ ഡ്യൂട്ടി നല്കുന്നവരും ഈ ദിവസങ്ങളിൽ പ്രത്യേക ശ്രദ്ധ നല്കേണ്ടതാണ്. അവരുടെ സ്വഭാവങ്ങളുടെ നിലവാരം വളരെ ഉന്നതമായിരിക്കേണ്ടതാണ്. ഭാരവാഹികളുടെ പ്രധാന ഉത്തരവാദിത്തമാണിത്. അവരിൽ ക്ഷമാശീലം അധികമായി ഉണ്ടാകേണ്ടതാണ്. അതുകൊണ്ട് ഭാരവാഹികൾ സ്വയം തങ്ങളെ സേവകരായി മനസ്സിലാക്കുകയും ജമാത്തംഗങ്ങളും ജൽസയിൽ പങ്കെടുക്കുന്നവരും ഭാരവാഹികളെ ജമാഅത്തിന്റെ പ്രതിനിധികളായി മനസ്സിലാക്കുകയും ചെയ്യുക. അപ്പോഴായിരിക്കും സമർദ്ദത്തിന്റെയും കലഹത്തിന്റെയും അന്തരീക്ഷത്തിന് നല്ലമാറ്റം സംഭവിക്കുക. അങ്ങനെ പരസ്പരമുള്ള പിണക്കങ്ങൾ ദൂരീകരിക്കപ്പെടുന്നതുമാണ്.

ഭാരവാഹിത്വമല്ല യാഥാർത്ഥ കാര്യമെന്നും മറിച്ച് ബയ്അത്തിന്റെ കടമ പൂർത്തീകരിക്കുന്നതാണ് യഥാർത്ഥ വസ്തുതയെന്നുമാണ് എപ്പോഴുംഓർമിക്കേണ്ടത്. അവർ ഭാരവാഹികളാലുംശരി, ജമാഅത്തംഗങ്ങളായാലും ശരി അവരവരുടെ കടമകൾ പൂർത്തീകരിക്കുന്നതിനായി പരിശ്രമിക്കേണ്ടതാണ്. ആ കടമ പൂർത്തീകരിക്കുന്നതിനെ സംബന്ധിച്ച് ഉപദ്ദേശം നല്കി കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

അല്ലയോ എന്റെ ജമാഅത്തംഗങ്ങളേ! അല്ലാഹു നിങ്ങളോടൊപ്പമാകുന്നു. അവൻ എല്ലാത്തിനും കഴിവുള്ളവനും കൃപാലുവുമാകുന്നു. നബി(സ)തിരുമേനിയുടെ സഹാബാക്കൾ തയ്യാറെടുപ്പ് നടത്തിയത് പോലെപരലോക യാത്രക്കായി നിങ്ങളും തയ്യാറെടുപ്പ് നടത്തുക. ലൗകീകതയ്ക്ക് വേണ്ടി മാത്രമായുള്ള ജീവിതം ശാപമാകുന്നു. എല്ലാ വ്യാകുലതകളും ദുഃഖവും ഭൗതീകലോകത്തിനായി നീക്കിവെക്കുന്നവൻ ഹതഭാഗ്യനാണ്. അത്തരം ആളുകൾ എന്റെ ജമാഅത്തിലുണ്ടെങ്കിൽ പ്രയോജനരഹിതമായ നിലയിലാണ് എന്റെ ജമാഅത്തിൽ അവരവരെ ഉൾപ്പെടുത്തിയിരിക്കുന്നത്. അവർ ഉണങ്ങിയ ശാഖകളെ പോലെയാണ്. അത് ഫലം നല്കുകയില്ല. വീണ്ടും പറയുന്നു:

അല്ലയോ കർത്തവ്യബോധമുള്ള സമൂഹമേ! നിങ്ങൾ ശക്തിമത്തായ നിലയിൽ നിങ്ങളുടെ മോക്ഷത്തിനായി എനിക്ക് നല്കപ്പെട്ട അധ്യാപനത്തിൽ പ്രവേശിച്ച് കൊള്ളുക. നിങ്ങൾ അല്ലാഹുവിനെ ഏകനും യാതൊരു പങ്കുകാരനുമില്ലാത്തവനുമായി മനസ്സിലാക്കുകയും ആകാശഭൂമികളിലുള്ള യാതൊന്നിനെയും അവനോട് പങ്ക് ചേർക്കാതിരിക്കുകയും ചെയ്യുക. അല്ലാഹു കാര്യകാരണങ്ങളെ ഉപയോഗിക്കുന്നത് തടയുന്നില്ല. എന്നാൽ ഒരു വ്യക്തി, അല്ലാഹുവിനെ ഉപേക്ഷിച്ച് കൊണ്ട് കാര്യകാരണങ്ങളിൽമാത്രമായി പ്രതീക്ഷ അർപ്പിക്കുന്നുവെങ്കിൽ അവൻ ബഹുദൈവവിശ്വാസിയാകുന്നു. പണ്ട് മുതൽക്ക് തന്നെ അല്ലാഹു പറഞ്ഞ് വരുന്നത്, പരിശുദ്ധ ഹൃദയംകൂടാതെ മോക്ഷം ലഭിക്കുകയില്ലായെന്നാണ്.അതുകൊണ്ട് നിങ്ങൾ പരിശുദ്ധ ഹൃദയരായി മാറുക. വൈകാരികമായ അസഹ്യതയിൽ നിന്നും കോപത്തിൽ നിന്നും വിദൂരപ്പെടുക. അല്ലാഹുവിനോടുള്ള കടമകൾ ഹൃദയഭയത്തോട്കൂടി നിർവഹിക്കുക. നിങ്ങളോട് അതിനെ കുറിച്ച് ചോദിക്കപ്പെടുന്നതാണ്. നമസ്കാരത്തിൽ ധാരാളമായി ദുആ ചെയ്യുക. അല്ലാഹു നിങ്ങളെ അവനിലേക്ക് ആകർഷിക്കുകയും നിങ്ങളുടെ ഹൃദയങ്ങളെ പവിത്രമാക്കുകയും ചെയ്യുന്നതാണ്. കാരണം മനുഷ്യൻ ബലഹീനനാണ്. അതുകൊണ്ട് തന്നെ എല്ലാ ഒരോ തിന്മയും അല്ലാഹുവിന്റെ ശക്തി മുഖേനയാണ് വിദൂരപ്പെടുക. ഏതുവരെ മനുഷ്യന് അല്ലാഹുവിൽ നിന്ന് ശക്തി ലഭിക്കുന്നില്ലയോ അതുവരെ അവൻ ഒരു തിന്മയും ദൂരീകരിക്കാൻ കഴിവ്നേടുകയില്ല. ഇസ്ലാം എന്നാൽ ഒരാചാരമെന്ന നിലയിൽ കലിമ ഏറ്റുപറയുന്നവനായി തന്നെ മനസിലാക്കുകയെന്നല്ല. മറിച്ച് യഥാർത്ഥ ഇസ്ലാം എന്നാൽ നിങ്ങളുടെ ആത്മാവുകൾ അല്ലാഹുവിന്റെ സമക്ഷം വീണ് കിടക്കുന്നതായിരിക്കണം. അല്ലാഹുവും അവന്റെ കല്പനകളുംഎല്ലാ അർത്ഥത്തിലും നിങ്ങളുടെ ഭൗതീക കാര്യങ്ങളെക്കാൾ നിങ്ങൾക്ക് പ്രഥമമായിരിക്കണം.

അതുകൊണ്ട് നമ്മൾ ഒരോത്തരും ഈ നിലവാരത്തിലേക്ക് പൂർണമായും ഇറങ്ങി ചെല്ലുന്നതിനായി പ്രയത്നികേണ്ടതാണ്. ഓരോ അഹ്മദിയുടെയും മുഖത്തിന് പിന്നിലും യഥാർത്ഥത്തിൽ അഹ്മദിയ്യത്തിന്റെ മുഖമാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖമാണെന്നും ഇസ്‌ലാമിന്റെ മുഖമാണെന്നും എല്ലാ അഹ്മദികളുടെയും ഓർമയിൽ ഉണ്ടായിരികേണ്ടതാണ്. അതിനാൽ ആ മുഖങ്ങളെ സംരക്ഷിക്കുകയെന്നത് എല്ലാ അഹ്മദികളുടെയും ഉത്തരവാദിത്വമാണ്. അല്ലാഹു ദീനിന്റെ സേവനത്തിനായി തൗഫീഖ് നല്കിയവർക്ക് ആ കടമ നർവഹിക്കുന്ന കാര്യത്തിൽ മറ്റുള്ളവരെക്കാൾ കൂടുതൽ ഉത്തരവാദിത്വമുണ്ട്. അതുപോലെ എപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദ്ദേശത്തെയും മുന്നിൽ വെക്കുക.പറഞ്ഞു: നമുക്ക് ബയ്അത്ത് ചെയ്തുവെന്ന വാദം ഉന്നയിച്ചതിന് ശേഷം നമ്മളെ അവഹേളിക്കുന്നവരാകരുത്.അതുകൊണ്ട് ഈ നിർദ്ദേശം എപ്പോഴും നിങ്ങളുടെ മുന്നിലും ഉണ്ടായിരിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ദുആ ഞാൻ ഇവിടെ ഉദ്ദരിക്കുകയാണ്. അതിൽ തന്നെ വിശ്വസിച്ചവർക്ക് വേണ്ടി ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ ഹൃദയവേദന മനസിലാകുന്നു. അവിടുന്ന് പറയുന്നു: ഞാൻ ദുആ ചെയ്യുകയാണ്, ജീവിതാന്ത്യംവരെയും എന്റെ ദുആ ഇത് തന്നെയാണ്. അല്ലാഹു എന്റെ ജമാത്തംഗങ്ങളുടെഹൃദയങ്ങളെ പരിശുദ്ധീകരിക്കട്ടെ. തന്റെ കൃപാവരത്തിന്റെ കരങ്ങൾക്ക് വിശാലത നല്കികൊണ്ട് ഇവരുടെഹൃദയങ്ങളിലേക്ക് അത്വ്യാപിക്കുമാറാകട്ടെ. എല്ലാ കുഴപ്പങ്ങളെയും അസൂയകളെയും അവരുടെഹൃദയങ്ങളിൽ നിന്ന് ഉയർത്തി കളയുമാറാകട്ടെ. പരസ്പരസ്നേഹം അവർക്ക് പ്രദാനം ചെയ്യുമാറാകട്ടെ. ഞാൻ ദൃഢമായും വിശ്വസിക്കുന്നു, ഒരിക്കൽ ഈ ദുആ സ്വീകരിക്കപ്പെടുക തന്നെ ചെയ്യുന്നതാണ്. അല്ലാഹു എന്റെ ദുആകൾ നഷ്ടപ്പെടുത്തി കളയുകയില്ല.

ഈ ദുആ നമുക്കും നമ്മുടെ സന്താനങ്ങൾക്കുംവേണ്ടിയും പൂർത്തിയാക്കേണമെന്ന ദുആ നമ്മളും ചെയ്യേണ്ടതാണ്. അങ്ങനെ ഖിയാമത്ത് വരെ നമ്മുടെ സന്താനപരമ്പര ഈ ദുആയിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നവരായി മാറണം. ഈ ദുആയുടെ അടുത്ത ഭാഗത്ത് അവിടുന്ന് ഇങ്ങനെയും പ്രാർഥിക്കുന്നുണ്ട്. പറയുന്നു: ഞാൻ ഇങ്ങനെയും ദുആ ചെയ്യുന്നു, എന്റെ ജമാഅത്തിലെ ഏതെങ്കിലും ഒരു വ്യക്തി, ദൈവീകജ്ഞാനത്തിലും വീക്ഷണത്തിലും ദൗർഭാഗ്യവാനാണെങ്കിൽ, യഥാർഥ പവിത്രതയും ദൈവഭയവും അവന് വിധിച്ചിട്ടില്ലെങ്കിൽ, അല്ലയോ എല്ലാ കാര്യത്തിലും കഴിവുള്ള ദൈവമേ! നിന്നിൽ നിന്ന് അയാളെ നീ വേർപ്പെടുത്തിയത് പോലെ എന്നിൽ നിന്നും അയാളെ നീ വേർപ്പെടുത്തിയാലും. അയാൾക്ക് പകരം മറ്റൊരാളെ നല്കിയാലും. ഹൃദയനൈർമല്യതയ്ക്കും നിനക്കായി ദാഹിക്കുന്ന ജീവനും ഉടമയായ മറ്റൊരാളെ ഇയാൾക്ക് പകരം നീ കൊണ്ട് വന്നാലും.

അല്ലാഹുവിൽ നിന്നും അവൻ നിയോഗിച്ചവനിൽ നിന്നും വിദൂരപ്പെടുന്നവരുടെ ഗണത്തിൽ നിന്ന്അല്ലാഹു നമ്മെ രക്ഷിക്കുമാറാകട്ടെ. നമ്മുടെ വിശ്വാസത്തിന് എപ്പോഴും സ്ഥിരത പ്രദാനം ചെയ്യുന്നതോടൊപ്പം അതിൽ വർധനവ് നല്കുകയുംചെയ്യുമാറാകട്ടെ. അദ്ദേഹത്തിൽ വിശ്വസിക്കുന്നവർക്കായി ചെയ്ത എല്ലാ ദുആകളും നേടിയെടുത്തവരായി അവൻ നമ്മെ മാറ്റട്ടെ.

ജൽസ അനുഗ്രഹപൂർണമായി തീരുന്നതിനും എല്ലാ വിധ ആപത്തിൽ നിന്ന് രക്ഷനേടുന്നതിനും വേണ്ടി ദുആ ചെയ്ത് കൊണ്ടിരിക്കുക. ഈ ദിനങ്ങളിൽ ജാഗരൂകരായി കൊണ്ട് ചുറ്റുപാടും വീക്ഷിച്ച് കൊണ്ടിരിക്കുക. അല്ലാഹു എല്ലാ കുഴപ്പക്കാരുടെ കുഴപ്പങ്ങളിൽ നിന്നും അസൂയാലുക്കളുടെ അസൂയയിൽ നിന്നും നമ്മെ രക്ഷിക്കുമാറാകട്ടെ

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَ اللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Karlsruhe,Germany – on 05.07.2019
Malayalam Translation : **Mou.Hashim Ashraf** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516